**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4910** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്റർ രോഗികൾക്കായി തുറന്ന് കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | വൈക്കം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തികൾ കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി 31.04.2021 നാണ് പൂർത്തിയാക്കിയത്. അനുവദിച്ച ഉപകരണങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 14.09.2020 ന് വിതരണ ഉത്തരവ് നൽകിയിരുന്നെങ്കിലും നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയ ശേഷം മാത്രമാണ് ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിച്ചത്. ചുവടെ ചേർക്കുന്ന ഉപകരണങ്ങളുടെ വിതരണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്. 1. ഡയാലിസിസ് മെഷീൻ 2. ആർ. ഒ. പ്ലാന്റ് (R O Plant) 3. ഐ.സി.യു. കോട്ട് 4. യു.പി.എസ്. 5. ബൈകാർബണേറ്റ് മിക്സർ 6. ക്രാഷ് കാർട്ട് 7. എയർ കണ്ടീഷണർ കോവിഡ് മഹാമാരി കാരണം ആശുപത്രികളിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിൽ ചില കമ്പനികൾ കാലതാമസം വരുത്തിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഒരു ദിവസം എത്ര രോഗികൾക്ക് ഡയലിസിസ് ചെയ്യുവാനുള്ള സൗകര്യമാണ് ഇവിടെയുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഒരു ഷിഫ്റ്റിൽ 7 രോഗികൾക്ക് ഡയാലിസിസ് ചികിൽസ ലഭ്യമാക്കുവാനുള്ള സൗകര്യം ഈ ആശുപത്രിയിൽ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ